Talented Bankers Literary Panel
പുസ്തക പരിചയം 194

പുസ്തകം പരിചയപ്പെടുത്തുന്നത്,
വിനു വിജയൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RBO, കൊട്ടാരക്കര.

നോവൽ :പൂനാച്ചി
ഒരു വെള്ളാട്ടിന്റെ കഥ
നോവലിസ്റ്റ് : പെരുമാൾ മുരുകൻ
(മാതൊരുഭഗൻ എന്ന നോവൽ വിവാദം ആയതിനു ശേഷം പെരുമാൾ മുരുകന്റെ ആദ്യ നോവൽ )
മൊഴി മാറ്റം : Dr മിനിപ്രിയ.

" മനുഷ്യരെ കുറിച്ച് എഴുതാൻ എനിക്ക് ഭയമാണ്. ദൈവത്തെ കുറിച്ച് എഴുതാൻ അതിലേറെ ഭയമാണ്. പശുവിനെ കുറിച്ചും പന്നിയെ കുറിച്ചും എഴുതാനെ പാടില്ല. പിന്നെയുള്ളത് ആടുകളും ചെമ്മരിയാടുകളും മാത്രമാണ്.. "

അസുര വംശത്തിലെ കിഴവനു ഒരു അപരിചിതനിൽ നിന്നു തീരെ ചെറിയ ഒരാട്ടിന് കുട്ടിയെ ലഭിക്കുന്നു. പൂനാച്ചി എന്ന വിളിപ്പേരിട്ടു വളർത്തുന്ന അവൾക്കു കഴിക്കാനും കുടിക്കാനും എല്ലാം കൊടുക്കുന്നത് ആ കിഴവി ആണ്. കിഴവന്റെയും കിഴവിയുടെയും വീട്ടിൽ മനുഷ്യ സ്ത്രീ സഹജമായ എല്ലാ വികാരങ്ങളും വിചാരങ്ങളും ദ്യോതിപ്പിച്ചു പൂനാച്ചി പതുക്കെ വളരുന്നു. പൂനാച്ചിക്ക് സ്ത്രീ സഹജമായ തൃഷ്ണകളും ചിന്തകളും കൊടുക്കുന്നതിൽ നോവലിസ്റ്റ് വളരെ അധികം ശ്രദ്ധിച്ചിട്ടുണ്ട്. പൂനാച്ചിക്കു ചുറ്റും നടക്കുന്നതെല്ലാം അവൾ കൗതുകത്തോടെ വീക്ഷിക്കുന്ന ബാല്യം. കൂട്ടുകാരായ ആട്ടിൻ കുട്ടികളുമായി തിമിർത്തു നടക്കുന്ന ബാല്യത്തിന് ശേഷം പതുക്കെ ജീവിതത്തിന്റെ കഠിന യാഥാർഥ്യങ്ങളിലേക്കു അവളും ഇറങ്ങുന്നു. മദിച്ചു നടക്കുന്ന ആണാട്ടിൻ കുട്ടികളെ അതി ക്രൂരമായ വന്ധ്യകരണത്തിനു വിധേയമാക്കുന്നതും ഭരണകൂടത്തിന്റെ നിയന്ത്രണങ്ങൾ പാർശ്വവത്കരിക്കപ്പെട്ട സമൂഹത്തിനു മേൽ അതിശക്തിയായി പതിക്കുമ്പോൾ ശക്തന്റെ മുന്നിൽ അവ ദുർബലമാകുന്നത് ചെവിയിൽ ഉദ്യോഗസ്ഥന്റെ കുഞ്ഞു വാശി കൊണ്ടു പഴുപ്പ് ഇറങ്ങുന്ന പൂനാച്ചിയിലൂടെ നമുക്ക് കാണാം. വരി നിൽക്കൽ രാഷ്ട്രീയം തികച്ചും പരിഹസിക്കപ്പെടുന്ന തരത്തിൽ നോവലിസ്റ്റ് വരച്ചു കാണിക്കുന്നുണ്ട്.

പിന്നീടങ്ങോട്ട് കഴുത്തിൽ കയർ കെട്ടിയ ആട്ടിൻ ജീവിതങ്ങൾ സമൂഹത്തിന്റെ അദൃശ്യ കയർ കൊണ്ടു സ്വയം ബന്ധനസ്ഥരായ ഇന്നത്തെ സമൂഹ ജീവികളോടുള്ള ചോദ്യങ്ങളാണ്. കാട്ടിൽ ഒറ്റപെട്ടു

പോകുന്ന പൂനാച്ചി അവിടത്തെ സ്വാതന്ത്ര്യത്തിന്റെ സുഖം അനുഭവിച്ചു തുടങ്ങുന്നെങ്കിലും വീണ്ടും കിഴവിയുടെ അടുത്തേക്ക് മടങ്ങി എത്തുന്നു. ആദ്യ പ്രണയവും ചുംബനങ്ങളും പൂനച്ചിയെ സ്വപ്നത്തിലേക്ക് ഉയർത്തുന്നു എങ്കിലും കാമുകനെ വേർപിരിയേണ്ടി വന്ന ദുഃഖത്തിൽ തന്നെ അവൾക്കു ആദ്യ രതിയിൽ ഏർപ്പെടേണ്ടി വരുന്നു. കേവലം യാന്ത്രികമായ ആദ്യ രതിയിൽ സ്വയം വിരക്ത ആയിപോകുന്ന പൂനാച്ചി ജീവിതത്തെ വെറുത്തു പോകുന്നുവെങ്കിലും ഉള്ളിൽ വളരുന്ന ജീവനുകളെ നിലനിർത്തേണ്ട ബാധ്യത അവൾ ഏറ്റെടുക്കുന്നു.

നിരാലംബരായ മനുഷ്യരുടെ നിരാശ്രയത്വം, ബലഹീനത ഒപ്പം താഴേക്കു താഴേക്കു പോകുന്ന ജീവിത നിലവാരങ്ങൾ, അധ്വാനങ്ങൾ.. ഒരു നേരത്തെ ആഹാരം ഒപ്പിക്കാനുള്ള തത്രപ്പാട്... വിശപ്പിന്റെ കാഠിന്യവും അന്ധവിശ്വാസത്തിന്റെ ഇരുളും ചേർന്ന് ഒന്നും നേടാനാകാതെ നശിച്ചു പോകുന്ന ജന്മങ്ങൾ.. ഭരണകൂടത്തിന്റെ അടിമ വർഗ്ഗങ്ങൾ. ഇവർക്ക് വേണ്ടി മാത്രമാണ് നിയമങ്ങൾ .
പൂനാച്ചി ഒരു പെൺ പ്രതീകമാണ്. പ്രേമത്തിന്റെ, വിരഹത്തിന്റെ, വിരക്തിയുടെ നിസ്സഹായതയുടെ, വേദനയുടെ, നിലവിളികളുടെ, സാന്ത്വനത്തിന്റെ, നിലനില്പിന്റെ, ഒറ്റപ്പെടലിന്റെ പെൺ പ്രതീകം.

യാതനകളുടെ ഒടുവിൽ കരിങ്കല്ലായി മാറിപ്പോകുന്ന പൂനച്ചിമാർ... പൂനാച്ചി നൈരന്തര്യങ്ങളിലൂടെ നിലനിൽക്കുന്നു..

താളുകളുടെ എണ്ണം : 171
വെസ്റ്റ്ലാൻഡ് പബ്ലിക്കേഷൻസ്
വില Rs. 250/-